**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

### കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം-2022 ഭിന്നശേഷി സംവരണത്തിന് പരിഗണിക്കുന്നതിന് ഭിന്നശേഷി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.

2022-23 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ/ഫാർമസി/ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളിൽ പ്രസ്തുത കോഴ്സുകൾ പഠിക്കാൻ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിനായി 'ഭിന്നശേഷി സർട്ടിഫിക്കറ്റ്' വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'KEAM 2022-Candidate Portal'**എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾക്ക് അവരവരുടെ അപേക്ഷാ നമ്പർ , പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ചശേഷം **'Upload Disability Certificate'**എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഭിന്നശേഷി സർട്ടിഫിക്കറ്റ് (pdf ഫോർമാറ്റിലുള്ളത്) **27.08.2022 വൈകുന്നേരം 3 വരെ** അപ് ലോഡ് ചെയ്യാവുന്നതാണ്. 2016 ലെ ഭിന്നശേഷി അവകാശ നിയമം അനുസരിച്ച് ജില്ലാ മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റാണ് അപ്‌ലോഡ് ചെയ്യേണ്ടത്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റ് വ്യക്തതയുള്ളതും , വായിക്കാൻ കഴിയുന്നതും അപാകതയില്ലാത്തതുമാകണം. ജില്ലാ മെഡിക്കൽ ബോർഡ് ഒരു വർഷത്തിനുള്ളിൽ നൽകിയ സർട്ടിഫിക്കറ്റാണ് വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടത്.

സർക്കാർ നിശ്ചയിക്കുന്ന ഒരു വിദഗ്ധ സമിതി, വിദ്യാർത്ഥികൾ അപ്‌ലോഡ് ചെയ്തിട്ടുള്ള ജില്ലാ മെഡിക്കൽ ബോർഡിന്റെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതും ഓരോ കോഴ്സുകളും പഠിക്കുന്നതിനുള്ള അനുയോജ്യത **(suitability)** നിശ്ചയിക്കുന്നതുമാണ്.

മേൽ പറഞ്ഞിരിക്കുന്ന വെബ്സൈറ്റ് വഴി യഥാസമയം ഭിന്നശേഷി സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യാത്തവരെയും കാലാവധി കഴിഞ്ഞതും, സാധുവല്ലാത്തതുമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നവരെയും കീം 2022 പ്രവേശനത്തിനായി ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.22 18:53:47 IST
Reason: Approved

തിരുവനന്തപുരം
**22/08/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**